# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 673

19.03.2013ൽ
മറുപടിക്ക്

ഇലക്ട്രോണിക് ഹബ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഇലക്ട്രോണിക് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ഇലക്ട്രോണിക് ഹാർഡ് വെയർ പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി യെ നിയമിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ സ്ഥലം എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ കെ.എസ്.ഐ.ഡി.സി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കേരളത്തെ അന്തർദേശീയ പ്രാധാന്യമുള്ള ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ ഉൽപാദനകേന്ദ്രമാക്കി മാറ്റുക വഴി കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനം ഈ പദ്ധതി ഉന്നം വയ്ക്കുന്നു. കേരളത്തിൽ വിദേശനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഇവിടെ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| സി) ഇലക്ട്രോണിക് വ്യവസായങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | സി) ഏകദേശം 250 ഓളം ഇടത്തരം ഇലക്ട്രോണിക് ഹാർഡ് വെയർ വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള സൗകര്യം ഇവിടെ ഒരുക്കുന്നതിന് |

ലക്ഷ്യം വയ്ക്കുന്നു. ഇലക്ട്രോണിക്സ് ഡിസൈൻ സെന്റർ, ക്വാളിറ്റി കൺട്രോൾ ആന്റ് ടെസ്റ്റിംഗ് ലാബ്, ആർ & ഡി സെന്റർ, ടൂൾ റൂം മുതലായ അനുബന്ധ സൗകര്യങ്ങൾ പാർക്കിൽ സ്ഥാപിക്കുന്നതാണ്. ഒരു സ്വയം പര്യാപ്ത സമുച്ചയമായി ഇതിനെ ഉയർത്തുന്നതിനു വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

ഇലക്ട്രോണിക് ഹാർഡ് വെയർ പ്രോജക്ടിന്റെ റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗ്രാന്റ് പദ്ധതിക്ക് ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ആമ്പല്ലൂരിൽ കണ്ടെത്തിയ സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നതിന് വേണ്ട വിവിധ തരം അനുമതികൾക്ക് വേണ്ടിയുള്ള ശ്രമത്തിലാണ് കെ.എസ്.ഐ.ഡി.സി.

**സെക്ഷൻ ഓഫീസർ**